സുവർണ്ണ കേരളം പദ്ധതി

110(450) ശ്രീ. സി. പി. മുഹമ്മദ് :

ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :

ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സുവർണ്ണ കേരളം പദ്ധതിയിൽ ഉൾപ്പെടുത്തി കേരളത്തിലെ എത്ര സാമ്പത്തിക ഭദ്രതയുള്ള സഹകരണ സംഘങ്ങൾ മുഖേനയാണ് ആധുനിക കൃഷിരീതികൾ പ്രോത്സാഹിപ്പിക്കുവാനുള്ള സാങ്കേതിക വിദ്യ കൈമാറുവാൻ ഉദ്ദേശിക്കുന്നത്;

(ബി) അടുക്കളത്തോട്ട നിർമ്മാണം ഉൾപ്പെടെ ഏതെല്ലാം കൃഷിരീതികളും ഉൽപ്പാദനോപാധികളുമാണ് സഹകരണസംഘങ്ങൾ മുഖേന കൈമാറുവാൻ ഉദ്ദേശിക്കുന്നതെന്നു വ്യക്തമാക്കുമോ ?

ഉത്തരം

(എ) സംഘങ്ങളുടെ സാമ്പത്തിക ശേഷി സംബന്ധിച്ച് യാതൊരു മാനദണ്ഡവും സുവർണ്ണകേരളം പദ്ധതി നടപ്പിലാക്കുന്നതിന് നിശ്ചയിച്ചിട്ടില്ല. അതായതു സംഘങ്ങളുടെ പ്രവർത്തന പരിധിയിലുള്ള കേരളത്തിലെ എല്ലാ വീടുകളിലും പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിനാണ് പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്. സംഘങ്ങളുടെ സാമ്പത്തിക/ഭൗതിക സാഹചര്യങ്ങൾക്കനുസരിച്ച് പദ്ധതി നടപ്പിലാക്കുക എന്നതാണുദ്ദേശിച്ചിരിക്കുന്നത്.

(ബി) വീടുകളിൽ അടുക്കളത്തോട്ട നിർമ്മാണം, മട്ടുപ്പാവ് കൃഷി, പോളി ഹൗസ് കൃഷി എന്നിവയും സംഘം പരിധിയിലുള്ള കൃഷി ഭവൻ മുഖേനയുള്ള പ്രവർത്തനങ്ങൾ, ഓരോ പ്രദേശത്ത് ഓരോ സീസണുകൾക്കും യോജിച്ച പച്ചക്കറിയുടെ വിത്തുകൾ/തൈകൾ എന്നിവ പോളി ഫാമുകളിൽ വികസിപ്പിച്ച് അംഗങ്ങൾക്ക് സൗജന്യമായോ/മിതമായ വിലയ്ക്കോ വിതരണം ചെയ്യുന്നതിനും

LIBRARY ARCHIVES Kerala Legislative Assembly

ഓരോ സംഘങ്ങൾക്കും ഗ്രണ്മേന്മയും അത്യുൽപ്പാദനശേഷിയുള്ള വിത്തുകൾ, തൈകൾ എന്നിവ സർക്കാർ കൃഷി ഫാമിൽനിന്നും സൗജന്യമായി ലഭ്യമാക്കി അംഗങ്ങൾക്ക് നൽകുകയും ചെയ്യുന്നതിനുള്ള പദ്ധതി ലക്ഷ്യമിടുന്നു. പച്ചക്കറി കൃഷിക്കുള്ള സാധ്യത പരിശോധിച്ച് കൃഷി വായ്പ നൽകുന്നതിനും ലക്ഷ്യമിട്ടിട്ടുണ്ട്.

ഹ്രസ്വകാല കാർഷിക വായ്പകൾ - പലിശരഹിത വായ്പാ പദ്ധതി

111 (451) ശ്രീ. വി. ഡി. സതീശൻ :

ശ്രീ. പാലോട് രവി :

ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സഹകരണ മേഖലയിൽ ഹ്രസ്വകാല കാർഷിക വായ്പകൾ കൃത്യമായി തിരിച്ചടയ്ക്കുന്ന കർഷകർക്ക് പലിശരഹിത വായ്പാ പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ ;

(ബി) എങ്കിൽ ആയതിന്റെ ലക്ഷ്യങ്ങൾ വിശദമാക്കുമോ ;

(സി) പദ്ധതിയനുസരിച്ച് നൽകുന്ന ആനുകൂല്യങ്ങളുടെയും സഹായങ്ങളുടെയും വിശദാംശങ്ങൾ നൽകുമോ ;

(ഡി) ഏതെല്ലാം തരത്തിലുള്ള സഹകരണ സംഘങ്ങളും സഹകരണ ബാങ്കുകളുമാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കിയതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) സഹകരണ മേഖലയിൽ ഹ്രസ്വകാല കാർഷിക വായ്പകൾ കൃത്യമായി തിരിച്ചടയ്ക്കുന്ന കർഷകർക്ക് പലിശരഹിത വായ്പാ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.

(ബി) പ്രാഥമിക കാർഷിക വായ്പ സഹകരണ സംഘങ്ങൾ/സർവീസ് സഹകരണ ബാങ്കുകൾ/കാർഷിക ഗ്രാമ വികസന ബാങ്കുകൾ മുഖേന വിതരണം

LIBRARY ARCHIVES Kerala Legislative Assembly